മാതൃഭൂമി
# ധനകാര്യം
2008 മെയ് 19 തിങ്കൾ

മറ്റു പേജുകളിൽ

4

കളിച്ചു പഠിക്കാം
പഠിച്ചു കളിക്കാം

5

ഐ.ടി. മേഖലയ്ക്ക്
വെല്ലുവിളിയുടെ വർഷം

8

പൊട്ടിച്ച് തീർക്കുന്നത്
കോടികൾ

Dhanakaryam, Financial Supplement to Mathrubhumi Daily on Mondays

# സോഫ്റ്റ്‌വെയർ കയറ്റുമതി: കേരളത്തിന് ചരിത്രനേട്ടം

**വി.എസ്.ശ്യാംലാൽ**

**തിരുവനന്തപുരം:** 2007 -08ൽ കേരളത്തിൽ നിന്നുള്ള സോഫ്റ്റ്‌വെയർ കയറ്റുമതി 1,200 കോടി രൂപ കടന്നു. 2006 -07ൽ 750 കോടി രൂപയുടെ കയറ്റുമതി നടന്ന കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു ചരിത്രനേട്ടമാണ്. അന്താരാഷ്ട്ര തലത്തിൽ ഐടി വ്യവസായത്തിനുണ്ടായ മാന്ദ്യവും ഡോളറിന്റെ വിലയിടിവും അതിജീവിച്ചാണ് കേരളം ഈ നേട്ടം കൈവരിച്ചത്.

2007-08ലെ കണക്കുകൾ പൂർണ്ണ രൂപത്തിലായിട്ടില്ലെന്ന് സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇന്ത്യയുടെ (എസ്ടിപിഐ) ഡയറക്ടർ കെ.രമേഷ് കുമാർ വ്യക്തമാക്കി. കണക്കുകൾ പൂർണ്ണമാവുമ്പോൾ കയറ്റുമതി 1,300 കോടി രൂപ കടക്കുമെന്നാണ് കരുതുന്നത്. രാജ്യത്ത് എല്ലാ സോഫ്റ്റ്‌വെയർ കമ്പനികളും രജിസ്റ്റർ ചെയ്യുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ എസ്ടിപിഐ ആണ് ഐടി കമ്പനികളുടെ കണക്കുകൾ അവലോകനം ചെയ്യുന്നത്.



കേരളത്തിന്റെ സോഫ്റ്റ്‌വെയർ കയറ്റുമതിയിൽ തുടർച്ചയായ രണ്ടാം വർഷവും 60 ശതമാനത്തിലധികം വർധനയുണ്ടായി. ഇത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. 2005-06ൽ കേരളത്തിൽ നിന്നുള്ള കയറ്റുമതി വെറും 452 കോടി രൂപയുടേതായിരുന്നു.

കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യുന്ന സോഫ്റ്റ്‌വെയർ സ്ഥാപനങ്ങളിൽ 250 കോടിയോളം രൂപയുടെ വരുമാനമുള്ള ഇൻഫോസിസ് ആണ് മുന്നിലുള്ളത്. ഇൻഫോസിസിന്റെ കേരളത്തിൽ നിന്നു മാത്രമുള്ള കയറ്റുമതിയുടെ കണക്കാണിത്. 200 കോടി രൂപയുടെ കയറ്റുമതിയുള്ള യു.എസ്.ടി. ഗ്ലോബലാണ് രണ്ടാം സ്ഥാനത്ത്. ഐ.ബി.എസ്, ടാറ്റ കൺസൾട്ടൻസി സർവീസസ്, നെസ്റ്റ്, അലിയോൺസ്, സൺടെക് ബിസിനസ് സൊലൂഷൻ, ആർ.എം. എജുക്കേഷൻ സൊലൂഷൻ, ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിങ്, അസിസ്റ്റ് ഇൻറർനാഷണൽ, ആസ്ട്രോൺ ഡോക്യുമെൻറ് മാനേജ്മെൻറ്, വിഷ്വൽ ഗ്രാഫിക് കമ്പ്യൂട്ടിങ് എന്നിവയാണ് കയറ്റുമതിയുടെ കാര്യത്തിൽ മുന്നിലുള്ള മറ്റു സ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും കേരളത്തിൽ പിറന്നവയാണ്.

പുത്തൻ കമ്പനികൾക്ക് വളരാൻ അവസരമൊരുക്കുന്നതിന്റെ പേരിൽ ശാസ്ത്ര സാങ്കേതിക മേഖലയിലെ ഏറ്റവും മികച്ച ഇൻക്യുബേഷൻ കേന്ദ്രമായി തിരുവനന്തപുരം ടെക്നോപാർക്ക് ഈ വർഷം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ടെക്നോപാർക്കിലും ഇൻഫോപാർക്കിലും കൂടി 41 പുതിയ കമ്പനികളാണ് 2007 -08ൽ പ്രവർത്തനമാരംഭിച്ചത്. മറ്റു 30 കമ്പനികൾ നടപ്പു സാമ്പത്തിക വർഷം പ്രവർത്തനമാരംഭിക്കാൻ സാധിക്കുന്ന തരത്തിൽ എസ്ടിപിഐ രജിസ്ട്രേഷൻ എടുത്തുകഴിഞ്ഞു. മറ്റു സംസ്ഥാനങ്ങളിൽ കഴിവു തെളിയിച്ച ഐ.ബി.എം., ഒറാക്കിൾ തുടങ്ങിയ കമ്പനികൾ കേരളത്തിലേക്കു വരാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുമുണ്ട്.

കയറ്റുമതി വളർച്ചാ നിരക്ക് വരും വർഷങ്ങളിലും നിലനിർത്തുന്നതിന് സർക്കാർ ശ്രമിക്കുമെന്ന് ഐടി വകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ വ്യക്തമാക്കി. സ്മാർട്ട് സിറ്റിയുടെ കെട്ടിട നിർമ്മാണം സപ്തംബറിൽ തുടങ്ങും. ഈ സാമ്പത്തിക വർഷം തന്നെ സ്മാർട്ട് സിറ്റിയുടെ ഒരു ഭാഗം പ്രവർത്തിച്ചു തുടങ്ങുമെന്നാണ് പ്രതീക്ഷ. സർക്കാർ മുൻകൈയെടുത്ത് ഇൻഫോപാർക്ക് വിപുലീകരിക്കാനും പദ്ധതിയുണ്ട്. തിരുവനന്തപുരത്ത് ഐടി പാർക്കുകൾക്കായി ടെക്നോപാർക്കിനോട് ചേർന്ന് 600 ഏക്കർ സ്ഥലം ഏറ്റെടുക്കലും രജിസ്ട്രേഷൻ നടപടികളും ആരംഭിച്ചു കഴിഞ്ഞു. മറ്റു ജില്ലകളിലും ഐടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

# ടെക്നോസിറ്റി നിർമാണത്തിന് ഒരുമാസത്തിനകം താത്പര്യപത്രം

**ആർ.റോഷൻ**

**കൊച്ചി:** തിരുവനന്തപുരത്തെ നിർദിഷ്ട ടെക്നോ സിറ്റിയിൽ ഐടി അടിസ്ഥാന സൗകര്യമൊരുക്കാൻ ഒരുമാസത്തിനുള്ളിൽ ആഗോള താത്പര്യപത്രം ക്ഷണിക്കും.

ഐടി രംഗത്തുള്ള അടിസ്ഥാന സൗകര്യ കമ്പനികൾ, വൻകിട ഐടി കമ്പനികൾ എന്നിവരിൽനിന്നാവും താത്പര്യപത്രം ക്ഷണിക്കുക. ഇതിന് ഒരുമാസത്തെ സമയം അനുവദിക്കും.

ഐടി അടിസ്ഥാനസൗകര്യമൊരുക്കുന്നതിലെ മുൻപരിചയം, സാമ്പത്തിക ഭദ്രത എന്നിവ പരിശോധിച്ച് മികച്ച കമ്പനികളെ ഷോർട്ട്‌ലിസ്റ്റ് ചെയ്യും. ഇവരിൽനിന്ന് സപ്തംബറോടെ അന്തിമ താത്പര്യപത്രം ക്ഷണിക്കും. ഇതിൽനന്നാവും ടെക്നോസിറ്റിയുടെ കോ-ഡവലപ്പർമാരെ തിരഞ്ഞെടുക്കുക. 2009 ജനവരി ഒന്നിന് മുമ്പ് കോ-ഡവലപ്പർമാരെ നിശ്ചയിക്കാനാവുമെന്നാണ് ഐടി വകുപ്പിന്റെ പ്രതീക്ഷ.

ആഗോള കൺസൾട്ടിങ് സ്ഥാപനമായ പ്രൈസ്‌വാട്ടർഹൗസ് കൂപ്പേഴ്സിന്റെ സഹായത്തോടെയാണ് കോ-ഡവലപ്പർമാർക്കായുള്ള ബിഡ്ഡുകൾ വിലയിരുത്തുക.

ടെക്നോസിറ്റിയുടെ മാസ്റ്റർപ്ലാൻ, രൂപരേഖ, വിപണനം എന്നിവയിലും പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സിന്റെ സഹായം തേടുന്നുണ്ട്.

തിരുവനന്തപുരം കഴക്കൂട്ടത്തിനടുത്ത് പള്ളിപ്പുറത്ത് ഏതാണ്ട് 500 ഏക്കറിൽ വിഭാവനംചെയ്യുന്ന ടെക്നോസിറ്റിയിൽ ഓരോ -കോ ഡവലപ്പർക്കും 25 മുതൽ 150 ഏക്കർ വരെ ഭൂമി നൽകും. ഓരോന്നും പ്രത്യേക മേഖലകളായാവും വികസിപ്പിക്കുക. ഓരോ മേഖലയിലും 70 ശതമാനം സ്ഥലവും ബിൽറ്റ് - അപ് സ്പേസും ഐടി ആവശ്യങ്ങൾക്കായി വികസിപ്പിക്കണം. ശേഷിച്ച 30 ശതമാനത്തിൽ പാർപ്പിട സമുച്ചയങ്ങൾ, വിനോദകേന്ദ്രങ്ങൾ, വിശ്രമസങ്കേതങ്ങൾ ,ക്ലബുകൾ എന്നിവ നിർമിക്കാം.

അഞ്ച്-ഏഴ് വർഷത്തിനുള്ളിൽ ടെക്നോസിറ്റി പൂർണമായും സജ്ജമാകുമ്പോൾ കേരളത്തിലെ ഏറ്റവും വലിയ ഐടി ടൗൺഷിപ്പായി ഇത് മാറും. ഏതാണ്ട് രണ്ട് കോടി ചതുരശ്രയടി ഐടി സ്പേസാവും ഇവിടെയുണ്ടാവുക. കൊച്ചിയിലെ നിർദിഷ്ട സ്മാർട്ട് സിറ്റിയുടെ രണ്ടര ഇരട്ടിയാണിത്.

കേരള സർക്കാരിന്റെ ഐടി അടിസ്ഥാനസൗകര്യകമ്പനിയായ കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡായിരിക്കും ടെക്നോസിറ്റി പദ്ധതി നടപ്പാക്കുക. ടെക്നോസിറ്റിക്ക് ഇതിനകം കേന്ദ്രത്തിൽനിന്ന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുണ്ട്.

# സിനിമാക്കഥയിലെ നായകനായി ഗൗതം ഥാപ്പർ



**ബിഗ് ബി**

**സ**മ്പന്ന തറവാട്ടിൽ ഒന്നുമില്ലാത്തവനായലഞ്ഞ ബാല്യകാലം. തിരസ്കൃതനായി നാടുവിട്ട യുവാവ് വർഷങ്ങൾക്കു ശേഷം തിരിച്ചെത്തിയപ്പോൾ തറവാട് തകരാൻ തുടങ്ങിയിരുന്നു. വീടു പൊളിച്ചടുക്കാൻ ശത്രുക്കൾ കറങ്ങി നടക്കുന്നു. രക്ഷകനായി നായകൻ ചുമതലയേൽക്കുന്നതോടെ എല്ലാം ശുഭം. സിനിമാക്കഥയല്ല, ഇത്. ഏതു സിനിമയേയും വെല്ലുന്ന ഗൗതം ഥാപ്പറുടെ ജീവിത കഥയാണ്.

ഇന്ത്യയിലെ പ്രമുഖ വ്യവസായ കുടുംബങ്ങളിലൊന്നിലായിരുന്നു ഗൗതമിന്റെ ജനനം. കടലാസ് നിർമ്മാണ രംഗത്ത് അതികായരായ ബല്ലാർപൂർ ഇൻഡസ്ട്രീസിന്റേയും എഞ്ചിനീയറിങ് കമ്പനിയായ ക്രോംപ്റ്റൺ ഗ്രീവ്സിന്റേയും സൊളാരിസ് കെംടെക്കിന്റേയും മറ്റും അനന്തരാവകാശികളിലൊരാൾ.

കൊൽക്കത്തയിൽ കൽക്കരി വ്യാപാരിയായിരുന്ന ലാലാ കരം ചന്ദ് ഥാപ്പർ 1945-ൽ സ്ഥാപിച്ച സാമ്രാജ്യം എഴുപതുകളിൽ ഇന്ത്യയിലെ ഏറ്റവും വലിയ പത്തു വ്യവസായ ഗ്രൂപ്പുകളിലൊന്നായുയർന്നു. സ്ഥാനമൊഴിയാറായപ്പോൾ മൂത്ത മകൻ ഇന്ദർ മോഹനെയല്ല, രണ്ടാമത്തെ മകൻ ബ്രിജ്‌മോഹനെ വ്യവസായച്ചുമതല ഏൽപ്പിക്കാനാണ് കരംചന്ദ് ഉദ്ദേശിച്ചത്. എന്നാൽ ആത്മവിശ്വാസക്കുറവുമൂലം ബ്രിജ്‌മോഹൻ അതേറ്റില്ല. മുപ്പത്തിമൂന്നുകാരനായ ലളിത് മോഹൻ അങ്ങനെ ഥാപ്പർ ഗ്രൂപ്പിന്റെ തലവനായി.

കൈയെത്തും ദൂരത്തെത്തിയ സൗഭാഗ്യം തട്ടിക്കളഞ്ഞ ബ്രിജ് മോഹനു കിട്ടിയത് ഒന്നിനും കൊള്ളാത്തവൻ എന്ന ചീത്തപ്പേരാണ്. മകൻ ഗൗതമും അതിന്റെ നിഴലിലകപ്പെട്ടു. അച്ഛന്റെ സഹോദരന്റെ മക്കൾ സമ്പന്നതയുടെ ആർഭാടങ്ങളിൽ വളർന്നപ്പോൾ ഗൗതം ഒന്നുമില്ലാത്തവനായി കഴിഞ്ഞു. അതാ യുവാവിൽ കുടുംബ വ്യവസായങ്ങളോടുള്ള വിദ്വേഷം വളർത്തി. തിരിച്ചു വരില്ലെന്നു നിശ്ചയിച്ച ഗൗതം അമേരിക്കയിൽ പഠിക്കാൻ പോയി. അവിടെയെന്തെങ്കിലും ജോലി നേടുകയായിരുന്നു ലക്ഷ്യം.

പക്ഷെ നാട്ടിലേയ്ക്കില്ലെന്നു പ്രഖ്യാപിച്ച ഗൗതമിന് ജോലിയൊന്നും കിട്ടാതെ തിരിച്ചു വരേണ്ടി വന്നു. അച്ഛന്റെ നിർബന്ധത്തിനു വഴങ്ങി 1987-ൽ കുടുംബക്കമ്പനിയിൽ ജോലിക്കു ചേർന്നു. ഥാപ്പർ ഗ്രൂപ്പിൽ പ്രതിസന്ധിയുടെ കാലമായിരുന്നു അത്. 700 കോടി രൂപയുടെ കടത്തിലായിരുന്നു പേപ്പർ മിൽ. ലാഭം നിസ്സാരവും. ക്രോംപ്റ്റൺ ഗ്രീവ്സാണെങ്കിൽ നഷ്ടത്തിലും.

ഏറ്റെടുത്ത ജോലികൾ ഭംഗിയായി ചെയ്ത ഗൗതമിനെ ലളിത് മോഹൻ 1993-ൽ പേപ്പർ മില്ലിന്റെ കെമിക്കൽ വിഭാഗ ചുമതല ഏൽപിച്ചു. ലളിത് മോഹൻ വിരമിക്കുമ്പോൾ ചേട്ടന്റെ മകൻ വിക്രമിനെ ഗ്രൂപ്പിന്റെ ചുമതല ഏൽപിക്കുമെന്നായിരുന്നു പ്രഖ്യാപനം. ഗൗതം കഴിവു തെളിയിച്ചപ്പോൾ ലളിത് മോഹൻ തിരക്കഥ മാറ്റിയെഴുതി. വിക്രമിനെ ഡെപ്യൂട്ടി മാനേജിങ് ഡയരക്ടറാക്കി. അതോടെ അയാൾ പിണങ്ങി ഭാഗം വാങ്ങിപ്പോയി. അങ്ങനെ 1999-ൽ ഗൗതം മാനേജിങ് ഡയരക്ടറായി. ഗ്രൂപ്പിന്റെ പേര് അവന്ത എന്നാക്കി.

അതോടെ സ്ഥിതി മാറി. പണം കാർന്നു തിന്നുന്ന വിഭാഗങ്ങൾ ഗൗതം അടച്ചുപൂട്ടി. ജീവനക്കാരെ വെട്ടിക്കുറച്ചു. നഷ്ടം നികത്താൻ കുറച്ചോഹരി വിറ്റു. കമ്പനികൾ രക്ഷപ്പെടാൻ തുടങ്ങിയപ്പോൾ ഇന്ത്യയിലും വിദേശത്തുമുള്ള വ്യവസായ ശാലകളെ ഏറ്റെടുത്തു. ഇപ്പോൾ അവന്ത ഗ്രൂപ്പിന്റെ വിറ്റു വരവ് 14,000 കോടി രൂപയാണ്. വരുമാനത്തിൽ പകുതിയും വിദേശത്തു നിന്നും. ക്രോംപ്റ്റൺ ഗ്രീവ്സ് അടുത്ത ഒന്നര വർഷത്തേയ്ക്ക് 3,025 കോടി രൂപയുടെ അന്താരാഷ്ട്ര കരാർ നേടിക്കഴിഞ്ഞു. അവന്ത ഗ്രൂപ്പിനെ ഒരാഗോള കമ്പനിയാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ് ഒരു സിനിമാ നടനു വേണ്ട ആകാര ഭംഗി കൂടിയുള്ള ഗൗതം ഥാപ്പർ.

വാരാന്ത്യ ക്ലോസിങ് : സെൻസെക്സ് 17435 * നിഫ്റ്റി 5158 * സ്വർണം പവന് 9320 രൂപ * എണ്ണ ബാരലിന് 120.98 ഡോളർ * ഡോളർ = 42.54 രൂപ